**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** **30-06-2022 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 12.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 10/03/2022-ലെ ജി.ഒ (ആർ.ടി) നമ്പർ 183/2022/ ജവിവ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പര്യവേഷണ പ്രവൃത്തികൾക്കായി 3.20 ലക്ഷം രൂപയുടെ അനുമതി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുണ്ട്. പ്രസ്തുത പര്യവേഷണ പ്രവൃത്തിയെ ആധാരമാക്കി പമ്പ്ഹൗസിന്റെ രൂപകൽപ്പനയ്ക്കായി വിശദാംശങ്ങൾ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പൈപ്പ് കടന്നുപോകുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ ഡി.എഫ്.ഒ-യ്ക്ക് സമർപ്പിച്ചിരുന്നു. ടി അലൈൻമെന്റ് പ്രകാരം 143.8 മീറ്റർ നീളം നിർദ്ദിഷ്ട മലയോര ഹൈവേയുടെ അലൈൻമെന്റിലൂടെയാണ് പൈപ്പ് ലൈൻ കടന്ന് പോകുന്നത്. ആയതിനാൽ അലൈൻമെന്റ് പുതുക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>എസ്റ്റിമേറ്റിന് അംഗീകാരം നൽകി പുതിയ അലൈൻമെന്റിന് ഡി.എഫ്.ഒ-യിൽ നിന്ന് അനുമതിയും ലഭ്യമായതിനുശേഷം മാത്രമേ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ പമ്പ്ഹൗസ് നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതുകൂടി ലഭ്യമായാൽ മാത്രമേ പ്രവൃത്തി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റിന്റെ | (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള തുക ചുവടെ ചേർക്കുന്നു.<br><br>സിവിൽ എസ്റ്റിമേറ്റ് തുക-4.12 കോടി |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | | മെക്കാനിക്കൽ തുക -5.54 കോടി<br><br>ഇലക്ട്രിക്കൽ തുക -1.30 കോടി<br><br>കൂടാതെ കെ.എസ്.ഇ.ബി ചാർജ്ജ്, ജി.എസ്.റ്റി 12 ശതമാനം തുടങ്ങിയവ ഉൾപ്പെടെ 12.65 കോടി രൂപ.<br><br>മെക്കാനിക്കൽ വിഭാഗവും ഇലക്ട്രിക്കൽ വിഭാഗവും സാങ്കേതികാനുമതിയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. പമ്പ്ഹൗസിന്റെ ഡിസൈനും, ഫോറസ്റ്റിന്റെ അനുമതിയും, വാട്ടർ അതോറിറ്റിയിൽ നിന്ന് പമ്പ്ഹൗസ് നിർമ്മാണത്തിനുള്ള സ്ഥലവും ലഭ്യമായാലുടൻ സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നതാണ്. |
| (സി) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 12.64 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയിന്മേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പര്യവേഷണ പ്രവൃത്തികൾക്കായി 3.20 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി വനംവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പമ്പ്ഹൗസ് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | ടി പദ്ധതിയുടെ പമ്പ്ഹൗസ് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സ്ഥലം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി വനം വകുപ്പിന്റെ എൻ.ഒ.സി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് ലഭ്യമാകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഇ) | പ്രസ്തുത പദ്ധതിയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫോറസ്റ്റിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കുന്നതിനായി ഓൺലൈൻ വെബ് സൈറ്റായ പരിവേഷ്-ലൂടെ അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തു കയും ചെയ്തു. എന്നാൽ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് മലയോര ഹൈവേ റോഡിന്റെ വീതി 12 മീറ്റർ ആക്കുന്ന തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആയതിനാൽ രണ്ട് യൂസർ ഏജൻസികളും അംഗീകരിച്ച കെ.എം.എൽ ഫയൽ ലഭ്യമാക്കാനും കൂടാതെ പൈപ്പ് കടന്നുപോകുന്ന സ്ഥലത്തിന്റെ ലാസ്റ്റ് ഓണർഷിപ്പ് ഡീറ്റെയിൽ സ് ലഭ്യമാക്കാനും ഡി.എഫ്.ഒ നിർദ്ദേശിച്ചു. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അലൈൻമെന്റിൽ വ്യത്യാസം വന്നിട്ടു ള്ളതിനാൽ വീണ്ടും ഓൺലൈൻ വെബ് സൈറ്റായ പരിവേഷിലൂടെ പുതുക്കിയ |

| | | | |
|---|---|---|---|
| | | | അലൈൻമെന്റ് അംഗീകാരം ലഭ്യമാക്കു ന്നതിനായി സമർപ്പിക്കാൻ ഡി.എഫ്.ഒ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | പുതിയ പമ്പ്ഹൗസിന്റെ ഡിസൈൻ, ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (എഫ്) | പുതുക്കിയ പമ്പ്ഹൗസിന്റെ ഡിസൈൻ, ഡിസൈൻ വിംഗിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല. ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ